**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1508** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>ഒറ്റപ്പാലം എൻ.എസ്.എസ്. കോളേജിലെ ഹാജർ വിഷയം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സുമേഷ് അച്ചുതൻ

ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** ഒറ്റപ്പാലം എൻ.എസ്.എസ് കോളേജിൽ അധ്യാപകർ ഹാജർ പുസ്തകത്തിൽ ഒപ്പ് രേഖപ്പെടുത്താത്തതും സിലബസ് പ്രകാരം കുട്ടികൾക്ക് ക്ലാസ്സുകൾ പൂർത്തീകരിക്കാത്തതും സംബന്ധിച്ച് എന്തെങ്കിലും പരാതി വകുപ്പിന് ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ പരാതിയുടെ പകർപ്പ് ലഭ്യമാക്കുമോ;

**<u>മറുപടി:</u>** ഒറ്റപ്പാലം എൻ.എസ്.എസ് കോളേജിൽ അധ്യാപകർക്കെതിരെ ഒരു വിദ്യാർത്ഥി തൃശ്ശൂർ കോളേജ് വിദ്യാഭ്യാസ മേഖല ഡെപ്യൂട്ടി ഡയറക്ടർക്ക് പരാതി നൽകിയിട്ടുണ്ട്. പ്രസ്തുത പരാതിയുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

**(ബി)** പ്രസ്തുത പരാതിയിൻമേൽ ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തി റിപ്പോർട്ട് സർക്കാറിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അന്വേഷണറിപ്പോർട്ടിലെ കണ്ടെത്തലുകളിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടില്ല.

പ്രസ്തുത പരാതിയിന്മേലുള്ള തൃശ്ശൂർ കോളേജ് വിദ്യാഭ്യാസ മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ടിന്മേൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

**(സി)** ഏതെല്ലാം അധ്യാപകരാണ് ഇത്തരത്തിൽ ഹാജർ പുസ്തകത്തിൽ ഒപ്പ് രേഖപ്പെടുത്താത്തതായി കണ്ടെത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ; പ്രസ്തുത ദിവസങ്ങളെ എങ്ങനെയാണ് കണക്കാക്കിയതെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ശ്രീ സന്തോഷ് ആർ-കമ്പ്യൂട്ടർ സയൻസ്, ശ്രീ പ്രിയേഷ് കെ ജി-കമ്പ്യൂട്ടർ സയൻസ്, ഡോ പ്രീതി എൻ-സുവോളജി, ഡോ ശ്രീദേവി എൻ കുട്ടി-സുവോളജി, ഡോ പി ലക്ഷ്മി ദേവി മേനോൻ, ഡോ മായ സി പിള്ള- ഇക്കണോമിക്സ്, ഡോ സജിത പി പി -ഇക്കണോമിക്സ്, ശ്രീമതി നയന കെ-ഫിസിക്സ്, ശ്രീമതി സുനിത പി- ഗണിതശാസ്ത്രം, ശ്രീമതി രശ്മി എം- ഗണിതശാസ്ത്രം, ശ്രീ വൈശാഖ് സി-ഗണിതശാസ്ത്രം, ശ്രീമതി സുനിത കെ ജി - ഗണിതശാസ്ത്രം, ശ്രീ വിജയഗോവിന്ദൻ സി -ഗണിതശാസ്ത്രം, ശ്രീമതി പ്രിയ പി- കോമേഴ്സ്, ശ്രീമതി സംഗീത അച്യുതൻ-കോമേഴ്സ്, ശ്രീ ഷാജി യു

-കോമേഴ്സ്, ഡോ. ഐശ്വര്യ കെ-ബോട്ടണി, ഡോ പ്രമോദ് കുമാർ കെ - ബോട്ടണി, ഡോ സംഗീത വർമ്മ -ഇംഗ്ലീഷ്, ശ്രീ ആനന്ദ് ബി- ഇംഗ്ലീഷ്, ശ്രീമതി അനീഷ്യ വി - ഇംഗ്ലീഷ്, ഡോ ഹരിനാരായണൻ എസ് - ഇംഗ്ലീഷ്, ഡോ ശാലിനി വി ജി - ഇംഗ്ലീഷ്, ശ്രീമതി ലക്ഷ്മി എസ് -ഇംഗ്ലീഷ്, ശ്രീമതി ഹേമ എസ് - ഇംഗ്ലീഷ്.

അറ്റൻഡൻസ് രജിസ്റ്റർ പരിപാലിക്കുന്നതിൽ ഗുരുതര വീഴ്ച ഉണ്ടായിട്ടുണ്ടെന്ന് ഡെപ്യൂട്ടി ഡയറക്ടറുടെ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. ഒപ്പ് രേഖപ്പെടുത്താത്ത ദിവസങ്ങളിൽ ശമ്പളം അനുവദിച്ചിട്ടുണ്ടെന്നും ശമ്പളം പാസ്സാക്കി നൽകിയത് സാമ്പത്തിക അധികാര ദുർവിനിയോഗമാണ് എന്നും ആയത് കൃത്യമായി പരിശോധിക്കാതെ ശമ്പള വിതരണം ചെയ്തതിൽ പ്രിൻസിപ്പാൾ ഇൻ ചാർജ്ജിനും ഓഫീസിനും വീഴ്ച വന്നിട്ടുണ്ട്.

**(ഡി)** പ്രസ്തുത കോളേജിലെ കമ്പ്യൂട്ടർ സയൻസ് വിദ്യാർത്ഥികളുടെ 2026-27 വർഷത്തെ ഹാജർ പുസ്തകം പരിപാലിച്ചിരുന്നോ; ഇല്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ;

**മറുപടി:** കമ്പ്യൂട്ടർ സയൻസ് വിഭാഗത്തിൽ 2026-27 അദ്ധ്യയനവർഷത്തെ വിദ്യാർത്ഥികളുടെ അറ്റൻഡൻസ് രജിസ്റ്റർ പരിപാലിച്ചിട്ടില്ല എന്നും ഇത് അധ്യാപകരുടെയും വകുപ്പ് തലവന്റെയും പ്രിൻസിപ്പാൾ ഇൻ ചാർജ്ജിന്റെയും ഗുരുതരമായ വീഴ്ചയാണ് എന്നും അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്.

**(ഇ)** ഹാജർ പുസ്തകം യഥാവിധി പരിപാലിക്കാതെ എങ്ങിനെയാണ് കുട്ടികൾക്ക് ഇ-ഗ്രാന്റ്സ് ശിപാർശ ചെയ്തതെന്ന് വിശദമാക്കാമോ; ഇത് സംബന്ധിച്ച് സർക്കാർ തലത്തിൽ വിശദമായ അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

**മറുപടി:** തൃശ്ശൂർ കോളേജ് വിദ്യാഭ്യാസ മേഖല ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് ശിപാർശ ചെയ്തത് ക്രമപ്രകാരമല്ല. ഈ വിഷയത്തിൽ വിശദമായ അന്വേഷണം നടത്താൻ നടപടി സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**

From

Muhammed Shamil k
Second year botony
N.S.S College Ottapalam

To

The Deputy Director,
Office of the DyDC Collegiate Education,
Government Training College Compound,
Palace Road, Thrissur (20)
-PIN - 680 003

E3
1852715
27/7/26

സാർ,

ഞാൻ ഒറ്റപ്പാലം പാലപ്പുറം എൻ.എസ് എസ് കോളേജിലെ വിദ്യാർത്ഥിയാണ്. ഈ അധ്യയന വർഷം ക്ലാസ് ആരംഭിച്ച് 2 മാസം ആവരാകുന്നു. എന്നാല് ഇത് വരെ കമ്പ്യൂട്ടർ സയൻസ് മൈനർ, മൾട്ടി ഡിസിപ്ലിനറി കോഴ്സ് എന്നിവ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഒരു ക്ലാസ് പോലും എടുത്തിട്ടില്ല. പ്രിൻസിപ്പാൾ ഇതേ ഡിപ്പാർട്ട്മെന്റിലെ അധ്യാപകൻ ആണ്. സാർ ഒരിക്കലും ക്ലാസിൽ വരാറില്ല. മാത്രമല്ല അവിടെ ഇത് വരെ അതിഥി അധ്യാപക നിയമനം നടത്തിയിട്ടില്ല. അന്വേഷിച്ചപ്പോൾ നിയമനത്തിലെ റാങ്ക് ലിസ്റ്റ് പിഴവ് കാരണം ലിസ്റ്റ് ക്യാസൽ ചെയ്തു എന്ന് അറിയുന്നു. പക്ഷേ അതൊന്നും ഞങ്ങളെ ബാധിക്കുന്ന വിഷയമല്ലല്ലോ. ഒരു ക്ലാസ് പോലും കിട്ടാതെ പരീക്ഷ എഴുതേണ്ടി വരുമോ എന്ന ആശങ്കയിലാണ് മാനേജ്മെന്റിനെ ഇത് ബോധിപ്പിക്കാൻ ശ്രമിക്കുന്നത്. നിലവിലുള്ള ടീച്ചർമാർ പലരും അവസാന hour ക്ലാസിൽ വരാതെ നേരത്തെ വീട്ടിൽ പോവുന്നവർ ആണ്. പ്രിൻസിപ്പൽ ഇത് അനുവദിക്കുന്നുണ്ട്. കമ്പ്യൂട്ടർ സയൻസ് ഡിപ്പാർട്ട്മെന്റിൽ തന്നെ ആകെ ഉള്ള പ്രിൻസിപ്പൽ അടക്കമുള്ള ടീച്ചർമാരിൽ ഒരു ടീച്ചർ ഇങ്ങനെ ആണ്. ഒരു അധ്യാപകൻ റെഗുലർ ആയി കോളേജിൽ എത്താറുമില്ല. പിന്നെ എങ്ങനെ ആണ് ഞങ്ങൾക്ക് ക്ലാസ് കിട്ടുക എന്ന് അറിയില്ല. കുറവുള്ള അധ്യാപകർക്ക് പകരം ഇവർ ആരും അധികമായി ക്ലാസ് എടുക്കുന്നില്ല. പല ദിവസങ്ങളിലും കുട്ടികളോട് ക്ലാസിൽ വരേണ്ട എന്ന് വാട്സ്ആപ്പിൽ അറിയിക്കുകയാണ്. തെളിവ് ആവശ്യം എങ്കിൽ വാട്സ്ആപ് മെസ്സേജുകളുടെ ഫോട്ടോ ഹാജരാക്കാൻ ഞങ്ങൾ തയ്യാറാണ്.

ഇംഗ്ലീഷ് എല്ലാ ഡിപ്പാർട്ട്മെന്റിലും പഠിക്കാൻ ഉള്ള വിഷയമാണ്. ഇംഗ്ലീഷിലെ ടീച്ചർമാർ തുടർച്ചയായി ലീവിൽ ആണ്. ഇനി കോളേജിൽ ഉള്ളവർ ക്ലാസിൽ വരുന്ന പോലുമില്ല. എന്താണ് കാരണം എന്ന് പോലും അറിയിക്കാറില്ല. ഒരു അധ്യാപകൻ 6 മണിക്കൂറും പ്രിൻസിപ്പാൾ റൂമിൽ ആണ്. ആനന്ദ് ബി എന്നാണ് ഇദ്ദേഹത്തിന്റെ പേര്. അദേഹത്തിന് അങ്ങനെ ഒരു ചാർജ് ഉള്ളതായി ആരും പറയുന്നില്ല. പക്ഷേ ക്ലാസിൽ വരുന്നില്ല. അഡ്മിഷൻ നോഡൽ ഓഫീസർ ഇംഗ്ലീഷിലെ ടീച്ചർ ആണ്. ലക്ഷ്മി ടീച്ചർ. അതിനാൽ അവരും ക്ലാസിൽ വരവില്ല. അവരെ സഹായിക്കാൻ എന്ന് പറഞ്ഞ് ഇംഗ്ലീഷിലെ മറ്റൊരു അധ്യാപകൻ (ഹരിനാരായണൻ സാർ) ഓഫീസിൽ ഇരിക്കുകയാണ്. ഇതെല്ലാം കാരണം വിദ്യാർത്ഥികൾക്ക് VAC, MDC കോഴ്സുകൾ നടക്കുന്നില്ല. ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിലെ വിദ്യാർഥികളുടെ കാര്യവും വ്യത്യസ്തമല്ല. ഇന്നലെ ഒരു ഡിഗ്രി ഒരു പിജി ക്ലാസിനോട് മാത്രം കോളേജിൽ വന്നാൽ മതി എന്ന് അറിയിച്ചു. ബാക്കി ക്ലാസുകാരോട് കോളേജിൽ വരണ്ട എന്ന് whatsapp നിർദേശം നൽകുകയാണ് ഇവിടെ പതിവ്. മിക്ക ദിവസവും ഏറെ വൈകി രാത്രിയാണ് ക്ലാസ് ഇല്ല എന്ന മെസ്സേജ് പല ഡിപ്പാർട്ട്മെന്റിലെ ടീച്ചർമാർ പ്രിൻസിപ്പാൾ അറിയിച്ചതായി വാട്സ്ആപ്പ് ഗ്രൂപ്പിൽ ഫോർവേർഡ് ചെയ്ത് തരുന്നത്.

ഈ പറഞ്ഞതിൽ ഒരു വരി പോലും കളവില്ല എന്ന് പ്രിൻസിപ്പൽ റൂമിലെ , ഓഫീസിലെ ജൂൺ 1 മുതലുള്ള സിസിടിവി പരിശോധിച്ചാൽ വ്യക്തമാവും. വിദ്യാർത്ഥികളിൽ നിന്ന് മാനേജ്മെന്റ് നേരിട്ട് കോളേജ് ഇടപെടൽ ഇല്ലാതെ ഫീഡ്ബാക്ക് എടുത്താലും ഇതെല്ലാം വ്യക്തമാവും. സിസിടിവി പ്രവർത്തിക്കുന്നുണ്ട്

എങ്കിൽ ഉറപ്പായും മുകളിൽ പറഞ്ഞ അധ്യാപകർ ക്ലാസിൽ പോവാത്തതും നേരത്തെ കോളേജിൽ നിന്ന് പോവുന്നതും കാണാനാകും എന്ന് തന്നെയാണ് കരുതുന്നത്. ഇത്രയും വിഷമകരമായ ഒരു സാഹചര്യം നേരിടുന്നു എന്ന് അറിയിക്കാൻ ആണ് ഈ കത്ത് എഴുതുന്നത്.

ഞങ്ങളുടെ ആശങ്ക ഉൾക്കൊണ്ട് മാനേജ്മെന്റ് തലത്തിൽ ഉടനെ സത്വര ഇടപെടൽ നടത്തണം എന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

നന്ദിയോടെ

Date: 24/07/2026
Place:Ottapalam

എന്ന്
Muhammad Shamil K
Shamil